(എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഓഡിറ്റ് കമ്മിഷന്റെ രൂപീകരണവും പ്രവർത്തനവും സംബന്ധിച്ച് വിശദാംശം വ്യക്തമാക്കാമോ;

(ബി) 'ഓഡിറ്റ് കമ്മിഷൻ' രൂപീകരണ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കമ്മിഷന്റെ ഘടന എന്തായിരിക്കുമെന്ന് വിശദീകരിക്കുമോ;

(ഡി) 'ഓഡിറ്റ് കമ്മിഷൻ' എപ്പോഴേയ്ക്ക് നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഓഡിറ്റ് കമ്മിഷൻ രൂപീകരിക്കുന്നതിനുവേണ്ടി വിശദമായ ശുപാർശകൾ സമർപ്പിക്കുവാൻ അധികാര വികേന്ദ്രീകരണ കമ്മിറ്റിയോടു ആവശ്യപ്പെട്ടിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭിച്ച ശേഷമേ ഈ വിഷയത്തിൽ ഒരു തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) ഈ വിഷയത്തിൽ അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ച ശേഷമേ മേൽനടപടികൾ സ്വീകരിക്കുവാനാകുകയുള്ളൂ.

(സി) അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചതിനുശേഷമേ കമ്മിഷന്റെ ഘടനയെക്കുറിച്ച് തീരുമാനിക്കുകയുള്ളൂ.

(ഡി) അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചതിന് ശേഷമേ ഓഡിറ്റ് കമ്മിഷന്റെ രൂപീകരണം സംബന്ധിച്ച് ഒരു തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ.

ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് സ്വകാര്യ ഏജൻസി തയ്യാറാക്കിയ സംഭവം

52 (385) ശ്രീ. പി.ജെ. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സമാഹൃത റിപ്പോർട്ട് സ്വകാര്യ ഏജൻസികളെക്കൊണ്ട് തയ്യാറാക്കിച്ച സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് സ്വകാര്യ ഏജൻസിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയത്; അതിന് എന്ത് പ്രതിഫലം നൽകി;

(സി) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ ഈ റിപ്പോർട്ട് തയ്യാറാക്കാൻ പ്രാപ്തിയുള്ളവർ ഇല്ലാത്തതുകൊണ്ടാണോ ഇത് പ്രൈവറ്റ് ഏജൻസിയെക്കൊണ്ട് തയ്യാറാക്കിച്ചത്;

(ഡി) നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ട ഒരു ഗവൺമെന്റ് വകുപ്പിന്റെ റിപ്പോർട്ട് ഒരു സ്വകാര്യ ഏജൻസിയെക്കൊണ്ട് തയ്യാറാക്കിച്ചത് എന്തുകൊണ്ടാണെന്ന് പറയാമോ;

(ഇ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ സമാഹൃത റിപ്പോർട്ടുകൾ സാധാരണയായി അച്ചടിക്കുന്നത് എവിടെയാണ്;

(എഫ്) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതിൽ നിന്നും വ്യത്യസ്തമായി പ്രസ്തുത വകുപ്പിന്റെ ഏതെങ്കിലും സമാഹൃത റിപ്പോർട്ട് പുറത്ത് അച്ചടിപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) എങ്കിൽ എവിടെയാണ് അച്ചടിപ്പിച്ചതെന്ന് പറയുമോ; അതിന് എന്ത് ചെലവ് വന്നു; ഒരു ഗവൺമെന്റ് വകുപ്പിന്റെ റിപ്പോർട്ട് പുറത്ത് അച്ചടിപ്പിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)-(ഡി) ബാധകമല്ല.

(ഇ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ സമാഹൃത റിപ്പോർട്ടുകൾ സാധാരണയായി അച്ചടിക്കുന്നത് സർക്കാർ സ്ഥാപനങ്ങളിലാണ്.

(എഫ്) ഇല്ല. എന്നാൽ കരട് റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ഡി.റ്റി.പി.യിൽ ചെയ്തത് സ്വകാര്യ സ്ഥാപനം മുഖേനയാണ്.

(ജി) 1999-2000 ലെ സമാഹൃത റിപ്പോർട്ട് സർക്കാർ സ്വയം ഭരണ സ്ഥാപനമായ കേരള ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിലാണ് അച്ചടിച്ചത്.

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ

53 (386) ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറായി നിയമിച്ചിരിക്കുന്നത് ആരെയാണ്;

(ബി) ഇദ്ദേഹം ഏത് റാങ്കിലുള്ള ഉദ്യോഗസ്ഥനാണ്;

(സി) കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ ഏത് വ്യവസ്ഥ പ്രകാരമാണ് ഈ നിയമനം നടത്തിയതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇദ്ദേഹത്തെ ഡെപ്യൂട്ടേഷനിൽ നിയമിച്ചതിനെതിരെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ജീവനക്കാർ സമരം നടത്തിവരുന്നുണ്ടോ;

(ഇ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ജീവനക്കാരുടെ പ്രൊമോഷൻ തസ്തികയിൽ നടത്തുന്ന ഡെപ്യൂട്ടേഷൻ നിയമനങ്ങൾ അവരുടെ പ്രൊമോഷൻ സാദ്ധ്യതയെ തടയുന്നതായി പരാതി ഉണ്ടായിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഇതിനെന്ത് പരിഹാരമുണ്ടാക്കാനുദ്ദേശിക്കുന്നു;

(ജി) ഇപ്പോഴത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ഡെപ്യൂട്ടേഷൻ കാലാവധി നീട്ടിക്കൊടുക്കുവാൻ നടപടിയെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിലെന്ന് വ്യക്തമാക്കുമോ; ഈ ഡയറക്ടറുടെ നിയമന കാലാവധി എന്നവസാനിക്കും;

(എച്ച്) ഈ തസ്തികയിലേയ്ക്ക് പ്രൊമോഷനിൽ നിയമനം നടത്തുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) ശ്രീമതി പി. രാധാദേവിയെയാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറായി നിയമിച്ചിരിക്കുന്നത്.

(ബി) ഐ.എ.ആന്റ് എ.എസ്. കേഡറിലുള്ള ഉദ്യോഗസ്ഥയാണ്.

LIBRARY ARCHIVES Kerala Legislative Assembly